**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4000 | 25.06.2014-ൽ മറുപടിയ്ക്ക്

# പകർച്ചവ്യാധികൾ പകരുന്നത് തടയാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) തൃശ്ശൂർ ജില്ലയിൽ കോളറ റിപ്പോർട്ട് ചെയ്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. ഒരു കോളറ കേസ് ഈ മാസം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) മഴക്കാലത്തോടനുബന്ധിച്ച് നടത്തേണ്ട ആരോഗ്യപരിപാലന പരിപാടികളിലും, ശുചീകരണ പ്രവർത്തനങ്ങളിലുമുള്ള പാളിച്ചകൾ, പകർച്ച വ്യാധികൾ പടരുന്നതിന് കാരണമാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പകർച്ച വ്യാധികൾ പടരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് ? | (സി) ഈ വർഷം ജനുവരി മുതൽ ജില്ലയിൽ പകർച്ചവ്യാധിപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി ജില്ലാ തലത്തിലും, ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തല ത്തിലും ഏകോപന സമിതി യോഗങ്ങൾ, ജനപ്രതിനിധികളുടെ നേതൃത്വത്തിൽ, കൂടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ, രോഗ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ ജില്ലയിൽ ഊർജ്ജിതപ്പെടുത്തി. ഏപ്രിൽ, മേയ് മാസങ്ങളിൽ കൊതുകുകളുടെ ഉറവിട നശീകരണം, കുടിവെള്ള സ്രോതസ്സുകളുടെ ശുദ്ധീകരണത്തിനായി ക്ലോറിനേഷൻ എന്നിവ നടത്തുകയുണ്ടായി. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക വേണ്ടി ഈ വർഷം 16 ലക്ഷം രൂപ തൃശ്ശൂർ ജില്ലയ്ക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. കൂടാതെ, എൻ.ആർ. എച്ച്.എം. |

| | |
|---|---|
| | വഴിയുള്ള വാർഡ് തല ആരോഗ്യ ശുചിത്വ സമിതിയ്ക്ക്, വാർഡൊന്നിന് 10,000 രൂപ വീതം നൽകിയിട്ടുണ്ട്. ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡോക്ടർമാരുടെ നിലവിലെ ഒഴിവുകൾ താൽക്കാലികമായി അഡ്ഹോക് നിയമനം വഴിയും, എൻ.ആർ.എച്ച്.എം. വഴിയും നികത്തിയിട്ടുണ്ട്. പകർച്ചവ്യാധി നിയന്ത്രണത്തിനായി നിയമിച്ച ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ഇപ്പോഴും തുടർന്ന് പ്രവർത്തിക്കുന്നുണ്ട്. ജില്ലയ്ക്ക് അകത്ത് ലഭ്യമായ മരുന്നുകൾ ആവശ്യമായ സ്ഥാപനങ്ങളിലേക്ക് നൽകികൊണ്ട് അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ട്. അടിയന്തിര സാഹചര്യങ്ങളിൽ, ലോക്കൽ പർച്ചേസിലൂടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.